കേരള സർക്കാർ

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

ജലബജറ്റ്

റിപ്പോർട്ട്

മാർച്ച്-2026

ഡോ. ടി.എൻ.സീമ (മുൻ എം.പി.)
കോർഡിനേറ്റർ

നവ കേരളം കർമപദ്ധതി
കേരള സർക്കാർ



സന്ദേശം

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മഴയുടെ ലഭ്യത കൂടുതലാണ്. ആഗോള താപനത്തിന്റെയും തൽഫലമായുള്ള കാലാവസ്ഥാ മാറ്റത്തിന്റെയും ഭാഗമായി കേരളത്തിൽ പല പ്രദേശത്തും പലപ്പോഴും അതിതീവ്ര മഴ ലഭ്യമാകുന്ന സാഹചര്യവുമുണ്ട്. എന്നാൽ വേനൽകാലത്ത് മിക്ക പ്രദേശങ്ങളിലും ആവശ്യത്തിനു ജലം ലഭ്യമാകുന്നുമില്ല എന്നതാണ് സ്ഥിതി. ഓരോ പ്രദേശത്തും മഴയിൽ നിന്നുൾപ്പെടെ ലഭിക്കുന്ന ജലത്തിന്റെ ലഭ്യതയും ജലാവശ്യകതയും കൃത്യമായി കണക്കാക്കി അതിനനുസൃതമായ ജലസംരക്ഷണ - ജലവിനിയോഗ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

മഴയുടെ തീവ്രത കുറഞ്ഞ കാലയളവുകളിൽ മറ്റു പ്രദേശങ്ങളിൽ പെയ്തുകിട്ടുന്ന ജലം ജലസംഭരണികളിലും ഉപരിതല ജല സ്രോതസ്സുകളിലും ഒക്കെ പരമാവധി സംഭരിക്കുകയും സാധ്യമായ സ്ഥലങ്ങളിൽ ഭൂജലമായി ശേഖരിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ വേനൽക്കാല ജല ക്ഷാമത്തിന് വലിയ അളവിൽ പരിഹാരം കാണാൻ കഴിയും. ഈ ലക്ഷ്യം മുന്നിൽ കണ്ടാണ് സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്.

ഓരോ ചെറു പ്രദേശത്തും ഒരു ചെറുകാലയളവിൽ പെയ്തു കിട്ടുന്ന മഴയിൽ നിന്നുള്ളതുൾപ്പെടെയുള്ള ജല ലഭ്യതയും അവിടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട ജലത്തിന്റെയളവും താരതമ്യം ചെയ്ത്, ഓരോ സമയത്തും ജല മിച്ചമാണോ ജലക്കമ്മിയാണോ അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തുന്ന പ്രവർത്തനമാണ് ജല ബജറ്റിലൂടെ ചെയ്യുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ ജലബജറ്റ് നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണ്. രാജ്യത്തിനാകെ മാതൃകയാക്കാൻ കഴിയുന്ന രീതിയിൽ നടക്കുന്ന ഈ പ്രവർത്തനത്തിൽ പങ്കാളിയായതിൽ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് നേതൃത്വത്തെ അഭിനന്ദിക്കുന്നു. ഗ്രാമ പഞ്ചായത്തു മേഖലയിൽ തുടർന്നു നടക്കുന്ന ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും സഹായകരമായ അടിസ്ഥാന ശാസ്ത്രീയ രേഖയായി ഈ ജല ബജറ്റ് മാറട്ടെയെന്നും കൂടിവെള്ള ക്ഷാമമില്ലാത്തതും കൂടുതൽ സ്ഥലത്ത് എക്കാലവും കൃഷിചെയ്യാൻ കഴിയുന്നതുമായ ഒരു ജലസുരക്ഷാ പഞ്ചായത്തായി തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് മാറട്ടെയെന്നും ആശംസിക്കുന്നു.

ഡോ. ടി.എൻ. സീമ



അവതാരിക

ജലമാണ് ജീവന്റെ ആധാരം. നമ്മുടെ ദൈനംദിന ജീവിതത്തിലും, കൃഷിയിലും, പരിസ്ഥിതി സംരക്ഷണത്തിലും ജലസമ്പത്ത് നിർണായക സ്ഥാനമാണ് കൈവരിച്ചിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും അനിയന്ത്രിതമായ ജല ഉപയോഗവും മൂലം ജലക്ഷാമം എന്ന പ്രശ്നം ഇന്നത്തെ സമൂഹം നേരിടുന്ന വലിയ വെല്ലുവിളികളിലൊന്നായി മാറിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ ജലവിനിയോഗവും ജലസ്രോതസുകളുടെ ലഭ്യതയും ശാസ്ത്രീയമായി വിലയിരുത്തുന്നതിനായി തയ്യാറാക്കിയിരിക്കുന്ന "ജല ബജറ്റ്" ഏറെ പ്രാധാന്യമുള്ളതാണ്.

പ്രദേശത്തെ ജല സമ്പത്ത് എങ്ങനെ ഉപയോഗിക്കുന്നു, എവിടെ കുറവുകൾ നിലനിൽക്കുന്നു, ഭാവിയിൽ എങ്ങനെ ജലസംരക്ഷണം ഉറപ്പാക്കാം എന്നതിനെക്കുറിച്ചുള്ള സമഗ്രമായ പഠനമാണ് ഈ രേഖ. ജന പങ്കാളിത്തത്തോടെയും സുസ്ഥിര വികസന ലക്ഷ്യങ്ങൾ മുൻനിർത്തിയും തയ്യാറാക്കിയ ഈ ജല ബജറ്റ്, നമ്മുടെ പഞ്ചായത്തിലെ ജല നയങ്ങൾ രൂപപ്പെടുത്തുന്നതിനും, പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഒരു മാർഗ്ഗ ദർശകമായി പ്രവർത്തിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

ജല സംരക്ഷണത്തിന്റെ പ്രാധാന്യം സമൂഹത്തിലെ ഓരോരുത്തരിലും എത്തിക്കാനും, ഉത്തരവാദിത്വത്തോടെ ജലം ഉപയോഗിക്കുന്ന ഒരു സംസ്കാരം വളർത്തിയെടുക്കാനും ഈ രേഖ സഹായകരമാകും. ഈ മഹത്തായ പ്രവർത്തനത്തിന് പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ, ജനപ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ എന്നിവർക്കെല്ലാം എന്റെ ഹൃദയപൂർവ്വമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

നമ്മുടെ പ്രകൃതിസമ്പത്ത് സംരക്ഷിച്ച് വരും തലമുറയ്ക്ക് കൈമാറുക എന്ന ദൗത്യത്തിൽ എല്ലാവരും കൈകോർക്കണമെന്ന് അഭ്യർത്ഥിക്കുന്നു..

എൻ.പി മുഹമ്മദ്
പ്രസിഡണ്ട്
തൃക്കലങ്ങോട്ഗ്രാമപഞ്ചായത്ത്

സംഗ്രഹം

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിൽ ഒരു വർഷം പെയ്ത് കിട്ടുന്ന മഴയുടെ അളവ് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ആകെ ജല ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാണ്. എന്നാൽ എല്ലാകാലത്തും തുല്യ അളവിലല്ല മഴ ലഭിക്കുന്നത് എന്നതിനാൽ എല്ലാ കാലത്തും ജല ലഭ്യത ഉറപ്പാക്കാനാകാതെ പോകുന്നു. മഴ ധാരാളം ലഭിക്കുന്ന സമയത്ത് അനുയോജ്യ മാർഗ്ഗങ്ങളിലൂടെ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ഇതിനെ മറികടക്കാൻ കഴിയും. കാർഷികാവശ്യങ്ങൾക്ക് ചില പ്രദേശങ്ങളിൽ എല്ലാ കാലവും ജലം ലഭ്യമാകണമെങ്കിൽ ജലസേചന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ചില ഇടപെടലുകൾ കൂടി ആവശ്യമാണ്. ഇത്തരത്തിൽ ജല സുരക്ഷ ഉറപ്പാക്കുന്ന ഒരു പ്രദേശമായി തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിനെ മാറ്റാനുള്ള ഒരു ഉൾക്കാഴ്ച ലഭിക്കാൻ ഈ ജല ബജറ്റ് സഹായകരമായിട്ടുണ്ട്. ഈ ജല ബജറ്റിന്റെ അടിസ്ഥാനത്തിൽ ജല സുരക്ഷയിലേയ്ക്ക് നീങ്ങണമെങ്കിൽ സാമ്പത്തിക, സാങ്കേതിക പിന്തുണ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്.

ജലസേചന വകുപ്പ് ഹൈഡ്രോളജി വിഭാഗത്തിന്റെ പാണ്ടിക്കാട് വർഷമാപിനിയിൽ നിന്നുള്ള മഴ ലഭ്യതാ വിവരങ്ങളാണ് ഈ ജല ബജറ്റിനായി പരിഗണിച്ചിട്ടുള്ളത്. മഴയിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ 50% മാത്രമാണ് ആകെ ജല ലഭ്യതയായി പരിഗണിച്ചിട്ടുള്ളത്. ഡിസംബർ മാസം ആദ്യത്തെ 10 ദിവസം മുതൽ മെയ് മാസം ആദ്യത്തെ 10 ദിവസം വരെ ജല കമ്മിയും ബാക്കി ദിവസങ്ങളിൽ ജല മിച്ചവുമാണ് ജല ബജറ്റിൽ പ്രതിഫലിക്കുന്നത്. എന്നാൽ ഒരു വർഷത്തെ ആകെ ജല ലഭ്യത 47.77590384 ദശലക്ഷം ഘനമീറ്ററും ആകെ ജല ആവശ്യം 26.14839931 ദശലക്ഷം ഘനമീറ്ററും ജല മിച്ചം 21.62750453 ദശലക്ഷം ഘനമീറ്ററും ആണെന്ന് ഈ ജല ബജറ്റ് ബോധ്യപ്പെടുത്തുന്നു. കാർഷിക മേഖലയിലാണ് കൂടുതൽ ജലത്തിന് ആവശ്യമുള്ളതായി കാണുന്നത്. ഡിസംബർ മുതൽ മെയ് വരെ ഉള്ള മാസങ്ങളിൽ ജല വിനിയോഗത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്നും ജല ബജറ്റിലൂടെ വ്യക്തമാകുന്നുണ്ട്.

- കൃത്യമായ ജലസംരക്ഷണ - ജല വിനിയോഗ പ്രവർത്തനങ്ങളിലൂടെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് ജല സുരക്ഷാ പഞ്ചായത്തായി മാറാൻ കഴിയും.

- ഡിസംബർ മുതൽ മെയ് വരെ ഉള്ള മാസങ്ങളിൽ കൂടി കൃഷി നടത്താനും തരിശു ഭൂമിയിൽ കൂടി കൃഷി വ്യാപിപ്പിക്കാനും അധിക ജലസേചന സൗകര്യങ്ങൾ നടത്തേണ്ടതുണ്ട്.

- കൂടുതൽ ജലം ഉപയോഗിക്കുന്ന ഗാർഹിക, വ്യാവസായിക, കാർഷിക മേഖലകളിൽ ജല മിതോപയോഗത്തിനാവശ്യമായ ഇടപെടൽ വേണം.

- സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, മലിന ജലത്തിന്റെ പുനഃചംക്രമണം എന്നിവയുടെ ആവശ്യകത തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്നു.

ഉള്ളടക്കം

ആമുഖം..... 07
1. പൊതുവിവരങ്ങൾ 08
1.1 ജനപ്രകൃതി 09
1.2 ഭൂപ്രകൃതി 10
1.3 കാലാവസ്ഥ 11
1.4 പ്രദേശത്തിൻറെ പ്രത്യേകതകൾ 11
1.5 മൺതരങ്ങൾ 12
1.6 നീർത്തട വിവരങ്ങൾ 14
1.7 ജല സ്രോതസ്സുകൾ സംബന്ധിച്ച വിവരങ്ങൾ 23
1.7.1 നീർച്ചാലുകൾ 23
1.7.2 കുളങ്ങൾ 24
1.7.3 കിണറുകൾ 26
1.8 വിവിധമാപ്പുകൾ 29
2.രീതിശാസ്ത്രം.....37
2.1. സാങ്കേതികസമിതി..... 37
2.1.1. യോഗങ്ങൾ..... 37
2.2. വിവരവിശകലനവും ഉപയോഗപ്പെടുത്തലും..... 38
2..3. ജലതുല്യതാ (Water Balance) പഠനം..... 38
2.4. ജലലഭ്യത..... 38
2.4.1. മഴലഭ്യത..... 38
2.4.2 ഉപരിതല ജലലഭ്യത..... 39
2.4.3 ഭൂജല ജല ലഭ്യത കണക്കാക്കൽ 40
2.4.4 ഗ്രാമപഞ്ചായത്തിന് അകത്തേക്കും
പുറത്തേയ്ക്കുമുള്ള ജല വിതരണം..... 40
2.4.5 ആദ്യത്തെ 10 ദിവസം ലഭ്യമായ ആകെ ജലം 40
2.5 ജല ആവശ്യം..... 41
2.5.1 ഗാർഹിക ആവശ്യം..... 41
2.5.2 കാർഷിക ജല ആവശ്യകത..... 41
2.5.3 വ്യവസായ, വാണിജ്യ സ്ഥാപനങ്ങളിലെ ജല ആവശ്യകത.....43
2.5.4 വിനോദസഞ്ചാര മേഖലയിലെ ജല ആവശ്യകത..... 43
2.5.5 ആകെ ജല ആവശ്യം 44
2.6 ജലബജറ്റ്..... 44

2.7 തുടർപ്രവർത്തനങ്ങൾ..... 44

3. ജല ബജറ്റ് 45
3.1 പൊതുവിവരങ്ങൾ 45
3.2 ജല ലഭ്യതാ വിവരങ്ങൾ..... 45
3.2.1 മഴയുടെ വിവരങ്ങൾ 46
3.2.2 ആകെ ജലലഭ്യത..... 49
3.3 ജല ആവശ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ 51
3.3.1 ഗാർഹികം..... 51
3.3.2 വാണിജ്യാവശ്യങ്ങൾ 52
3.3.3 കൃഷി ആവശ്യങ്ങൾ 53
3.3.4 മൃഗ സംരക്ഷണം 55
3.3.5 വ്യവസായ ആവശ്യങ്ങൾ 56
3.3.6 പൊതു സ്ഥാപനം 57
3.3.7 സ്വകാര്യ സ്ഥാപനം..... 58
3.3.8 വിനോദ സഞ്ചാര ആവശ്യങ്ങൾ..... 59
4. തുടർ പ്രവർത്തനങ്ങൾ 68
5. അനുബന്ധം 71

ആമുഖം

ജല സുരക്ഷയിലേക്കുള്ള ആദ്യ ചുവടുവെയ്പ്പയാണ് ജലബജറ്റിനെ കാണുന്നത്. ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖയാണ് ജലബജറ്റ് (Water Budget). കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളേയും അടിസ്ഥാനമാക്കി ജല ബജറ്റ് തയ്യാറാക്കാനുള്ള പദ്ധതിക്ക് സംസ്ഥാന സർക്കാർ തുടക്കമിടുകയാണ്. ഇന്ത്യയിൽ ഇത് ആദ്യമായാണ് ഒരു സംസ്ഥാനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് തയ്യാറാക്കുന്നത്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിൽ നിന്നും ഒരു ബ്ലോക്കാണ് ജല ബജറ്റിനായി തിരഞ്ഞെടുക്കുന്നത്.


ഭൂപ്രകൃതി, കാലാവസ്ഥ, മഴയുടെ ലഭ്യത തുടങ്ങി പ്രകൃതിയുമായി ബന്ധപ്പെട്ട ഘടകങ്ങളിൾ ധാരാളം സവിശേഷതകളുള്ള സംസ്ഥാനമാണ് കേരളം. ഭൂവിനിയോഗത്തിലുണ്ടായ മാറ്റമുൾപ്പെടെയുള്ള മനുഷ്യ ഇടപെടലുകൾ നിമിത്തം ജല ലഭ്യതയിൾ വലിയ തോതിൽ വ്യതിയാനം സംഭവിക്കുന്ന സാഹചര്യത്തിൾ ജലവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് പ്രകൃതിയിൽ തന്നെ മാറ്റങ്ങൾ അനുഭവപ്പെടുന്ന കാലഘട്ടം കൂടിയാകുമ്പോൾ ജല ലഭ്യതയുമായി ബന്ധപ്പെട്ട പഠനങ്ങൾക്കും പ്രത്യേക ഇടപെടലുകൾക്കും പ്രസക്തി വർദ്ധിക്കുന്നു. ഞാറ്റുവേലകളെ ആശ്രയിച്ച് കൃത്യമായ കാർഷിക കലണ്ടർ പ്രകാരം കൃഷി ചെയ്തു വന്നിരുന്ന കേരളത്തിൽ ജല മേഖലയിലെ സുസ്ഥിരത തിരികെ കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ജല സുരക്ഷ ഇക്കാരണത്താൽ തന്നെ നിർണ്ണായകമാണ്. പ്രാദേശിക തലത്തി ജല സുരക്ഷ ഉറപ്പാക്കുന്നതിന് ജല ലഭ്യതയും ജല ആവശ്യങ്ങളും കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ജല ബഡ്ജറ്റ് കൊണ്ട് ഉദ്ദേശിക്കുന്നതും ഇതു തന്നെയാണ്. കേരളത്തിൽ പ്രാദേശിക തലത്തിൽ കൃഷിക്കും കുടിവെള്ളത്തിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ജല ലഭ്യത ഉറപ്പാക്കിയെങ്കിൽ മാത്രമേ ഈ പദ്ധതികൾ വിജയിക്കുകയുള്ളൂ. വേനൽക്കാലത്ത് മഞ്ഞുരുകി വെള്ളം ലഭ്യമാകുന്ന വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൾ നിന്നും വിഭിന്നമായി മഴയിൽ കൂടി മാത്രമേ നമുക്ക് വെള്ളം ലഭ്യമാകുന്നുള്ളൂ. മഴയിൽ നിന്നും ലഭിക്കുന്ന ജലം ഉപരിതല നീരൊഴുക്കായും ഭൂജലമായും നമുക്ക് ഉപയോഗത്തിന് ലഭ്യമാകുന്നു. ഓരോ പ്രദേശത്തും ജലത്തിന് വിവിധ ഉപയോഗങ്ങളുണ്ട്. കുടിവെള്ളത്തിനും കാർഷികാവശ്യങ്ങൾക്കും വ്യവസായങ്ങൾക്കും വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമെല്ലാം ജലം ആവശ്യമാണ്. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടത്ര ജല ലഭ്യത ഉറപ്പാക്കാൻ ജലമേഖലയിൽ വിവിധ ഇടപെടലുകൾ ആവശ്യമായി വരും. ഒരു പ്രദേശത്തിന്റെ ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കി വിവിധ ആവശ്യങ്ങൾക്ക് സുസ്ഥിരമായ ജലവിതരണം സാധ്യമാക്കുന്നതിന് ജല ബജറ്റ് ഏറെ സഹായകരമാകും. അത്തരത്തിലുള്ള അടിസ്ഥാന രേഖയാണ് ജലബജറ്റ് വിഭാവനം ചെയ്യുന്നത്. കൂടുതൽ പ്രദേശത്ത് കൃഷി ആരംഭിക്കുന്നതിനുള്ള ഇടപെടലുകൾ തീരുമാനിക്കുന്നതിനും ജലബജറ്റ് സഹായകരമാകും.

1. പൊതു വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര്	തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്
വിസ്തീർണം	59.99 ച.കി. മീ
ബ്ലോക്ക്	വണ്ടൂർ
താലൂക്ക്	ഏറനാട്
വില്ലേജ്	തൃക്കലങ്ങോട്
ജില്ല	മലപ്പുറം
അസംബ്ലി മണ്ഡലം	മഞ്ചേരി
ആകെ വാർഡുകൾ	24
ജനസംഖ്യ	52090
പുരുഷൻ	25053
സ്ത്രീകൾ	27037
എസ്. സി	6432
എസ്. ടി	168
ജനസാന്ദ്രത (ചതുരശ്ര കി. മീ)	863
സാക്ഷരതാ ശതമാനം	92 %
അതിഥി തൊഴിലാളികൾ	853
അതിരുകൾ	
വടക്ക്	എടവണ്ണ, തിരുവാലി പഞ്ചായത്തുകൾ
കിഴക്ക്	പോരൂർ, പാണ്ടിക്കാട് പഞ്ചായത്തുകൾ
തെക്ക്	മഞ്ചേരി മുനിസിപ്പാലിറ്റി
പടിഞ്ഞാറ്	കാവനൂർ, പുൽപ്പറ്റ ഗ്രാമപഞ്ചായത്തുകൾ

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ ജലബജറ്റ്

ഹരിതകേരളം മിഷനിലൂടെ സംസ്ഥാനസർക്കാർ പ്രാദേശിക ജല സ്രോതസ്സുകളുടെ സംരക്ഷണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഈ മേഖലയിലെ എല്ലാ വകുപ്പുകൾക്കും ഏജൻസികൾക്കും തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നതാണ് മിഷന്റെ ലക്ഷ്യം. ഇത്തരത്തിൽ തദ്ദേശഭരണ സ്ഥാപങ്ങൾക്ക് സാങ്കേതിക പദ്ധതികൾ, പ്രാദേശിക പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് തയ്യാറാക്കി നടപ്പിലാക്കുന്നതിനു കഴിയും. ജല ബജറ്റ് തയ്യാറാക്കുന്നതിനായി ഇത്തരത്തിൽ ബന്ധപ്പെട്ട എല്ലാവരും ചേർന്നു പ്രവർത്തിക്കുന്നരീതിയാണ് തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത്.



1.1 ജനപ്രകൃതി

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ 52090 ആണ് . 25053 പുരുഷന്മാരും 27037 സ്ത്രീകളും ഉൾപ്പെടുന്നു. ജന സാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 863 പേരാണ്. പുരുഷന്മാർ 97% സ്ത്രീകൾ 95% സാക്ഷരത കൈവരിച്ചിട്ടുണ്ട്.

1.2 ഭൂപ്രകൃതി

പോരൂർ, പാണ്ടിക്കാട്, പഞ്ചായത്തുകൾ കിഴക്കും തിരുവാലി, എടവണ്ണ പഞ്ചായത്തുകൾ വടക്കും , കാവനൂർ പഞ്ചായത്ത് പടിഞ്ഞാറും മഞ്ചേരി മുനിസിപ്പാലിറ്റി തെക്കും അതിരിടുന്ന ഉത്തര ഇടനാട് മേഖലയിലുള്ള ഒരു ഭൂപ്രദേശമാണ് തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്. മൊത്തം വിസ്തൃതി 5999 ഹെക്ടർ ഉള്ള പഞ്ചായത്ത് കാരക്കുന്ന്, തൃക്കലങ്ങോട് എളങ്കൂർ എന്നീ വില്ലേജുകളിലായാണ് സ്ഥിതി ചെയ്യുന്നത്.

കുന്നുകളും മലകളും

പഞ്ചായത്തിൻറെ വിവിധ വാർഡുകളിൽ ഉൾപ്പെട്ട കോങ്ങമല , കോരമല, മുത്തശ്ശിമല, പെരുംകുന്ന്, കാപ്പുംകുന്ന്, പുലിമല, കരുവൻമല,കറളിക്കാട്ട്കുന്ന്, പൂളക്കുന്ന് എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. ഇതിൽ ഏറ്റവും ഉയരം കൂടിയ മലയാണ് ആമയൂരിലെ കോങ്ങമല, നല്ല കാറ്റും സ്വച്ഛമായ അന്തരീക്ഷവുമുള്ള ഈ സ്ഥലം ഖനന മാഫിയകൾ കീഴടക്കിയില്ലെങ്കിൽ ജില്ലയിലെ ഒരു പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായി മാറുമെന്ന് പ്രതീക്ഷിക്കാം.

ചരിവു പ്രദേശം, താഴ്വര

കുന്നുകളെ താഴ്വരയുമായി ബന്ധിപ്പിക്കുന്നവയാണ് ചരിവു പ്രദേശങ്ങൾ. ഇതിൽ കുത്തനെയുള്ള ചരിവുകളും , താരതമ്യേന ചരിവു കുറഞ്ഞ പ്രദേശങ്ങളും ഉൾപ്പെടുന്നു. ഈ പ്രദേശങ്ങളിൽ റബ്ബർ, തെങ്ങ്, കമുങ്ങ്, കുരുമുളക്, കശുമാവ് എന്നീ തോട്ട വിളകളും , ഫലവൃക്ഷങ്ങളും കൃഷി ചെയ്തു വരുന്നു. മൊത്തം ഭൂവിസ്തൃതിയുടെ 15 ശതമാനത്തോളം താഴ്വരയാണ്. ചരിവു പ്രദേശത്തെയും കുന്നിൻ പ്രദേളങ്ങളെയും വേർതിരിക്കുന്ന താഴ്വരയിൽ ഫലഭൂയിഷ്ഠമായ മണ്ണാണ് ഉള്ളത്. മഴവെള്ളം ഊർന്നിറങ്ങി ജലാംശം കൂടുതലുള്ള ഈ പ്രദേശത്ത് മണ്ണൊലിപ്പും മണ്ണിടിച്ചലും കാരണം ഫലഭൂയിഷ്ഠമായ മണ്ണാണുള്ളത്. നെൽകൃഷിക്ക് ഏറെ അനുയോജ്യമായ മണ്ണുള്ള ഇവിടങ്ങളിൽ ഉണ്ടായിരുന്ന ഇരുപ്പുനിലങ്ങളും പുഞ്ചപ്പാടങ്ങളും പലകാരണങ്ങളാൽ ഇന്ന് നാമവശേഷമായിരിക്കുന്നു.

സമതലങ്ങൾ മൺതരങ്ങൾ

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിൻറെ പകുതിയോളം ഭാഗം സമതല പ്രദേശങ്ങളാണ്. മൺതിട്ടകളും പാടശേഖരങ്ങളും തെങ്ങിൻ തോപ്പുകളുമുള്ള ഈ പ്രദേശത്ത് ചെങ്കൽ മണ്ണും എക്കൽ മണ്ണുമാണുള്ളത്. നെൽകൃഷി കൂടാതെ നാളികേരം , കവുങ്ങ് , വാഴ , പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മരിച്ചീനി, റബ്ബർ, കുരുമുളക്, ചേന, ചേമ്പ്,മുതലായവയും ഇവിടെ കൃഷി ചെയ്തുവരുന്നു. മലപ്പുറം ജില്ലയിലെ തന്നെ ഏറ്റവുമധികം നെൽകൃഷിയുള്ള പഞ്ചായത്തുകളിൽ ഒന്നായ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ വീടുകളും മറ്റു കെട്ടിടങ്ങളും നിർമ്മിക്കുന്നതിനായും മറ്റുവിളകൾ കൃഷി ചെയ്യുന്നതിനായും നെൽവയലുകൾ നികത്തുന്നതിനാൽ വയലുകൾ അധിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

1.3 കാലാവസ്ഥ

മലപ്പുറം ജില്ലയിലെ ഭാഗമായതിനാൽ പൊതുവേ ഉഷ്ണമേഖലാ കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്. വർഷം മുഴുവൻ മിതമായ ചൂടും ഈർപ്പവും കാണപ്പെടുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെ തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാലത്തും ഒക്ടോബർ മുതൽ നവംബർ വരെ വടക്ക്-കിഴക്കൻ മൺസൂൺ കാലത്തും പഞ്ചായത്തിൽ പ്രധാനമായും മഴ ലഭിക്കുന്നു.

ഈ പ്രദേശത്ത് ശരാശരി വാർഷിക മഴ ലഭ്യത നല്ലതാണെങ്കിലും, വേനൽക്കാലത്ത് ചില പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. മാർച്ച് മുതൽ മേയ് വരെ ഉയർന്ന താപനില അനുഭവപ്പെടുകയും ഈ കാലയളവിൽ ഭൂഗർഭ ജലനിരപ്പ് താഴ്ന്ന നിലയിൽ എത്തുകയും ചെയ്യുന്നു.
അതുകൊണ്ട് മഴവെള്ള സംഭരണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, ഭൂഗർഭജല പുനർനിറവ് എന്നിവ ഈ പഞ്ചായത്തിൽ ജലസുരക്ഷ ഉറപ്പാക്കുന്നതിനായി വളരെ പ്രധാനപ്പെട്ട ഘടകങ്ങളാണ്.

സംസ്ഥാനത്ത് സാധാരണ നിലനിൽക്കുന്ന സമാന കാലാവസ്ഥയാണ് തൃക്കലങ്ങോട് പഞ്ചായത്തിൽ ഉള്ളത്. ഡിസംബർ മുതൽ ഫെബ്രുവരി വരെ വരണ്ട കാലാവസ്ഥയും മാർച്ച് മുതൽ മെയ് വരെ ചൂട് കൂടിയ കാലാവസ്ഥയും, ജൂൺ മുതൾ നവംബർ വരെ മൺസൂൺ കാലാവസ്ഥയും ആണ്. താപനില ശരാശരി 20 ഡിഗ്രി സെൾഷ്യസ് മുതൾ 31 ഡിഗ്രി സെൽഷ്യസ് വരെയാണ്. വർഷത്തിൽ ശരാശരി 3098 മി.മീ വരെ മഴ ലഭിക്കുന്നുണ്ടെങ്കിലും തുലാവർഷ മഴയുടെ തോതനുസരിച്ചാണ് വേനൾക്കാലങ്ങളിൽ കിണറുകളിലും മറ്റും കൂടി വെള്ളം നിലനിൾക്കുന്നത്. ജൂൺ മുതൽ സെപ്തംബർ വരെയുള്ള തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലാവസ്ഥയിലാണ് ഏറ്റവും അധികം വർഷപാതം ലഭിക്കുന്നത്.

1.4 പ്രദേശത്തിന്റെ പ്രത്യേകതകൾ

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ സ്ഥിതിചെയ്യുന്ന തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് പ്രകൃതി സൗന്ദര്യത്തിലും സാമൂഹിക ഐക്യത്തിലും ശ്രദ്ധേയമായ ഒരു പ്രദേശമാണ്. വണ്ടൂർ ബ്ലോക്കിന്റെ പരിധിയിലുള്ള ഈ പഞ്ചായത്ത് ഗ്രാമീണ സ്വഭാവവും അടിസ്ഥാന സൗകര്യ വികസനവും ഒരു പോലെ നിലനിർത്തുന്ന പ്രദേശമാണ്. ചെറിയ കുന്നുകളും താഴ്വരകളും കലർന്ന ഭൂപ്രകൃതിയാണ് ഇവിടെ കാണപ്പെടുന്നത്.

ഭൗഗോളിക സ്ഥിതി:

തൃക്കലങ്ങോട് പഞ്ചായത്തിന് ഏകദേശം 59.99 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുണ്ട്. പച്ചപ്പാർന്ന കുന്നുകൾ, താഴ്വരകൾ, ചെറുനദികൾ, നീർച്ചാലുകൾ എന്നിവ ഈ പ്രദേശത്തിന്റെ ഭൗഗോളിക സവിശേഷതകളാണ്. മിതമായ കാലാവസ്ഥയും സമൃദ്ധമായ മഴയും കൃഷിക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.

സാമ്പത്തിക സ്ഥിതി:

കൃഷിയാണ് പ്രധാന ഉപജീവന മാർഗം. തേങ്ങ, റബ്ബർ, കുരുമുളക്, നെല്ല് തുടങ്ങിയ വിളകളുടെ കൃഷി വ്യാപകമാണ്. കൂടാതെ ചെറിയ വ്യാപാരങ്ങൾ, പ്രവാസി വരുമാനം എന്നിവയും സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമാണ്.

വിദ്യാഭ്യാസവും ആരോഗ്യവും:

പ്രദേശത്ത് പ്രാഥമിക മുതൽ ഹയർ സെക്കന്ററി വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഭ്യമാണ്. ആരോഗ്യ മേഖലയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും മറ്റ് മെഡിക്കൽ സൗകര്യങ്ങളും പ്രവർത്തിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ:

റോഡ് ശൃംഖലയും ഗതാഗത സൗകര്യങ്ങളും പഞ്ചായത്ത് പരിധിയിൽ മെച്ചപ്പെട്ട രീതിയിൽ വികസിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം, വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ എന്നിവയും ജനങ്ങൾക്ക് ലഭ്യമാണ്.

സാംസ്കാരിക സവിശേഷതകൾ:

മത സൗഹൃദം ഈ പ്രദേശത്തിന്റെ പ്രധാന പ്രത്യേകതയാണ്. പള്ളികളും ക്ഷേത്രങ്ങളും സാമൂഹിക ഐക്യത്തിന്റെ പ്രതീകങ്ങളാണ്. വിവിധ ഉത്സവങ്ങളും ആചാരങ്ങളും വലിയ ആവേശത്തോടെ ആഘോഷിക്കുന്നു.

പരിസ്ഥിതി & ജലസമ്പത്ത്:

നീർച്ചാലുകൾ, കുളങ്ങൾ, ചെറുനദികൾ എന്നിവയാണ് പ്രധാന ജല സ്രോതസ്സുകൾ. ജല സംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു.

സംഗ്രഹം:

പ്രകൃതിസൗന്ദര്യം, സാമൂഹിക ഐക്യം, കൃഷിനിർഭരമായ സമ്പദ്‌വ്യവസ്ഥ, വികസിത അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ ഒരുമിച്ച് ഉൾക്കൊള്ളുന്ന ഒരു മികച്ച ഗ്രാമപഞ്ചായത്താണ് തൃക്കലങ്ങോട്.

1.5 മൺതരങ്ങൾ

മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വണ്ടൂർ, തിരുവാലി, മമ്പാട്, പോരൂർ, പാണ്ടിക്കാട്, തൃക്കലങ്ങോട് എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന മേഖലയിലെ മണ്ണ് പ്രധാനമായും മൂന്ന് വിഭാഗങ്ങളിലായാണ് കാണപ്പെടുന്നത്. ഈ പ്രദേശത്തിന്റെ വലിയൊരു ഭാഗവും വെട്ടുകൽ മണ്ണ് (Laterite Soil) ആണ് ഇത് പൊതുവേ അമ്ല സ്വഭാവമുള്ളതും ഇരുമ്പിന്റെ അംശം കൂടുതലുള്ളതുമായതിനാൽ റബ്ബർ, തെങ്ങ്, കവുങ്ങ് തുടങ്ങിയ തോട്ടവിളകൾക്ക് വളരെ അനുയോജ്യമാണ്. ചാലിയാർ പുഴയുടെയും

അതിന്റെ പോഷകനദികളുടെയും തീരപ്രദേശങ്ങളിൽ ഫലഭൂയിഷ്ഠമായ പുഴയോര എക്കൽ മണ്ണ് (Riverine Alluvium) കാണപ്പെടുന്നു, ഇത് നെൽകൃഷിക്കും വാഴകൃഷിക്കും മികച്ചതാണ്. കൂടാതെ, വനമേഖലയോട് ചേർന്ന് നിൽക്കുന്ന കിഴക്കൻ ഭാഗങ്ങളിൽ ജൈവാംശം കൂടിയ വനമണ്ണും (Forest Loam) ഈ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കണ്ടുവരുന്നു..

വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലുള്ള മണ്ണ് സീരീസുകൾ താഴെ നൽകുന്നു.

1. വണ്ടൂർ സീരീസ്
2. ചാലിയാർ സീരീസ്
3. അങ്ങാടിപ്പുറം സീരീസ്
4. കൂട്ടിൽ സീരീസ്
5. ചേലക്കാട് സീരീസ്
6. ഓടത്തോട് സീരീസ്

മാപ്പ് താഴെ കൊടുക്കുന്നു: -




1.6 നീർത്തട വിവരങ്ങൾ


നീർത്തടങ്ങളുടെ വികസനവും പ്രകൃതിദത്തമായ ഭൂമിയുടെ ചരിവും, അതിരുകളും , നീർച്ചാലുകളുടെ സ്ഥിതിയായും മനസിലാക്കി സാങ്കേതിക മികവ് നടപ്പാക്കേണ്ട ഒന്നാണ്. ഇത് സമൂഹത്തിൻറെ താഴെത്തട്ടിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുകയും ദിവസവും ആഹാരത്തിനുവേണ്ടി കഠിന പ്രയത്നം നടത്തുന്ന ജനങ്ങൾ മനസിലാക്കി പ്രവർത്തിക്കണമെന്നില്ല. അതിനാൽത്തന്നെ നീർത്തട സംരക്ഷണത്തിനു വേണ്ടി അധികാരകേന്ദ്രങ്ങളുടെ ഇടപെടൽ അത്യാവശ്യമാണ്. നീർത്തട സംരക്ഷണം ജലലഭ്യതയോടൊപ്പം വെള്ളപ്പൊക്ക ഭീഷണിയും തടയുവാൻ സഹായകരമാണ്. മഴയായും മഞ്ഞായും മറ്റേതു രൂപത്തിലും ലഭിക്കുന്ന വെള്ളം ചരിവിനനുസരിച്ച് ഏതെങ്കിലും നീർച്ചാലിലോ, പുഴയിലോ എത്തുന്നു. ഇങ്ങനെ ഒരു നീർച്ചാലിലേക്ക് വെള്ളം ഒഴുകിയെത്തുന്ന സ്ഥലങ്ങളെല്ലാം ചേർന്ന ഭൂപ്രദേശമാണ് ആ നീർച്ചാലിൻറെ നീർത്തടം അഥവാ വാട്ടർ ഷെഡ്. ചെറു നീർച്ചാലുകൾ ചേർന്ന് ഒരു വലിയ നീർത്തടം രൂപം കൊള്ളുന്നു. ലോകത്തിൻറെ ഏതു ഭാഗത്തുള്ള സ്ഥലും ഏതെങ്കിലും ഒരു നദിയുടെ , നീർത്തടത്തിൻറെ ഭാഗമാകുന്നു. ചെറുതോ വലുതോ ആയ ഏതൊരു നീർച്ചാലിനും അതിലേക്ക് വെള്ളം ഒഴുകിയെത്തുന്ന ഒരു നീർത്തട പ്രദേശം ഉണ്ടാകും.

1. ചെറാംകുത്ത്
2. ചെറുവണ്ണൂർ
3. കൽപാലം
4. ചാത്തക്കാട്
5. പഴേടം , പാണ്ടിയാട്
6. കമാനം
7. ആമയൂർ


ക്രമ നമ്പർ	നീർത്തട നമ്പർ	നീർത്തടത്തിന്റെ പേര്	വിസ്തീർണ്ണം (ഹെക്ടർ)
1	23K23B	ചെറാംകുത്ത്	1404.45
2	23K23C	ചെറുവണ്ണൂർ തോട്	549.88
3	23K23D	കൽപാലം	517.39
4	24C58D	ചാത്തക്കാട്	1063.37
5	24C61C	പഴേടം പാണ്ടിയാട്	813.29
6	24C61D	കമാനം	1416.23
7	24C61E	ആമയൂർ	876.37


Watershed Map
THRIKKALANGODE PANCHAYATH
Malappuram District
Etavanna
Thiruvali
Pulpatta
Porur
Manjeri
Legend


1.ചെറാംകുത്ത്


WATERSHED BOUNDARY MAP
23K23b
Thrikkalangod
Manjeri(M)
0 0.25 0.5 1
Kilometers
Legend
ORDER_
1
2
3
PANCHAYATH
Manjeri(M)
Thrikkalangod


2. ചെറുവണ്ണൂർ തോട്


WATERSHED BOUNDARY MAP
23K23c
Thrikkalangod
0 0.25 0.5 1
Kilometers
Legend
ORDER_
1
2
PANCHAYATH
Thrikkalangod


3. കൽപാലം റോഡ്


WATERSHED BOUNDARY MAP
23K23d
Thrikkalangod
Perur
0 0.25 0.5 1
Kilometers
Legend
ORDER_
1
PANCHAYATH
Perur
Thrikkalangod


4. ചാത്തക്കാട്


WATERSHED BOUNDARY MAP
24C58d
Thirvaali
Thrikkalangod
Legend
ORDER_
1
PANCHAYATH
Thiruvaali
Thrikkalangod
0 0.25 0.5


5. പഴേടം പാണ്ടിയാട്


WATERSHED BOUNDARY MAP
24C61c
Edavanna
Thiruvali
Thrikkalangod
Legend
ORDER_
1
2
PANCHAYATH
Edavanna
Thiruvali
0
0.25
0.5
1

6. കമാനം തോട്


WATERSHED BOUNDARY MAP
24C61d
Legend
ORDER_
1
2
PANCHAYATH
Edavanna
Manjeri(M)

7. ആമയൂർ തോട്


WATERSHED BOUNDARY MAP
24C61e
Legend
ORDER_
1
2
3
PANCHAYATH
Edavanna
Kavanoor
Manjeri(M)
Pulpatta
Thrikkalangod
0 0.250.5

1.7 പഞ്ചായത്തിലെ ജല സ്രോതസ്സുകൾ സംബന്ധിച്ചവിവരങ്ങൾ

1.7.1 നീർച്ചാലുകൾ

ക്രമ നമ്പർ	പേര്, സ്ഥലം	പൊതു/ സ്വകാര്യം	ഉൾപ്പെടുന്ന വാർഡുകൾ
1	ചോലക്കുണ്ട് എലിക്കോട് തോട്	പൊതു	1
2	പുളിങ്ങോട്ട് പുറം ആനക്കല്ല് തോട്	പൊതു	1
3	ആമയൂർ താഴെ തോട്	പൊതു	1
4	കണ്ടാലപ്പറ്റ തോട്	പൊതു	2
5	കണ്ടാലപ്പറ്റ പരപ്പിൽ തോട്	പൊതു	2
6	ഇല്ലിക്കൽ കൈത്തോട്	പൊതു	3
7	നായരങ്ങാടി കാവും പൊയിൽ തോട്	പൊതു	3
8	ചെകിങ്കൽകണ്ടി തോട്	പൊതു	4
9	ചേരമ്മൽ തോട്	പൊതു	5
10	മുതിരിക്കുന്ന് തോട്	പൊതു	5
11	പഴേടം പാറക്കൽ വലിയതോട്	പൊതു	6
12	പഴേടം തോട്	പൊതു	6
13	നീർച്ചാൽ തോട്	പൊതു	7
14	കള്ളിവളപ്പിൽ കല്ലേം തോട്	പൊതു	7
15	പൂഴിക്കുന്ന് പന്ത്രല തോട്	പൊതു	7
16	പഴേടം തൊടി	പൊതു	8
17	പഴേടം പള്ളി തോട്	പൊതു	8
18	വെള്ളാം പറ്റ തോട്	പൊതു	9
19	ചോലയിൽ കോടപ്പായി തോട്	പൊതു	9
20	മണ്ണത്തി ഉപ്പുകലക്കി തോട് 2	പൊതു	9

21	തരികുളം ഉപ്പുകലക്കി തോട്	പൊതു	10
22	കൽപ്പാലം നെല്ലിയാ പാടം തോട്	പൊതു	11
23	മാങ്ങോട്ടുപ്പാടം തോട്	പൊതു	11
24	ട്രാവോട്ടിൽപ്പാടി കൈ തോട്	പൊതു	12
25	ചറുകുളം തോട്	പൊതു	13
26	കൂൺപൊഴിൽ തോട്	പൊതു	15
27	അടിമന്റ് കുണ്ട് തോട്	പൊതു	15
28	കരിമ്പിനി നെല്ലിക്കാട്ടുതൊടി തോട്	പൊതു	16
29	മാമ്പൊയിൽ തോട്	പൊതു	16
30	പോത്തംകോട് തോട്	പൊതു	17
31	മഞ്ഞപ്പറ്റ തോട്	പൊതു	17
32	കോട്ടമ്മൽകുളം തോട്	പൊതു	18
33	ഇപ്പിരിയൽ മുതൽ കുന്നുംപുറം തോട്	പൊതു	19
34	കുന്നുംപുറം തോട്	പൊതു	19
35	ചീരക്കുഴി കല്ലിടുംബ് തോട്	പൊതു	19
36	ആക്കുത്ത്പറമ്പ് അമ്പച്ചിറ തോട്	പൊതു	20
37	വൈദ്യർപാടി തോട്	പൊതു	20
38	വാൽക്കിയങ്കാവ് തോട്	പൊതു	21

1.7.2 കുളങ്ങൾ

ക്രമ നമ്പർ	പേര് & സ്ഥലം	പൊതു/സ്വകാര്യം
1	തെക്കും പുറം പൊതുകുളം	പൊതു
2	എലിക്കോട് പൊതുകുളം	പൊതു
3	ഒരപ്പൻ ചോലകുളം	പൊതു
4	ഇട്ടേപാടം കുളം	പൊതു

5	ചെറായികുളം	പൊതു
6	നീലങ്ങോട് രാമൻ കുളം	പൊതു
7	ചക്കുപുരം പൊതുകുളം	പൊതു
8	മണ്ണാത്തിക്കുളം	പൊതു
9	ഒറവൻ കുഴിക്കുളം	പൊതു
10	ചെറാഴിപ്പാടം കുളം	പൊതു
11	തിരുന്നിപഞ്ചയാട്ട്കു ളം	പൊതു
12	പുത്തൻ കുളം	പൊതു
13	വെട്ടുവൻ കുളം പൊതുകുളം	പൊതു
14	പാലാർ കുളം	പൊതു
15	തെക്കുംപുറം പൊതുകുളം	പൊതു
16	മടത്തിൽ കുളം	പൊതു
17	അയ്യപ്പൻ കുളം	പൊതു
18	കായിനി കുളം	പൊതു
19	മൂച്ചിക്കുളം	പൊതു
20	തീണ്ടി കുളം	പൊതു
21	ചെറുവണ്ണൂർ കുളം	പൊതു
22	പുതിയാട്ട കുളം	പൊതു
23	കുഴലൂർ അമ്പലക്കുളം	പൊതു
24	അരീചോലക്കുളം	പൊതു
25	കപ്രാട് കുളം	പൊതു
26	ആലുങ്ങൽ കുളം	പൊതു
27	ആക്കുങ്കൽ കുളം	പൊതു
28	കാര്യക്കോട്ടിൽ കുളം	പൊതു
29	പൊയിൽ കുളം	പൊതു
30	മാംപൊയിൽ കുളം	പൊതു

31	കരിമ്പിനി കുളം	പൊതു
32	തട്ടാൻ കുളം	പൊതു
33	എരഞ്ഞിക്കോടു കുളം	പൊതു
34	പുത്തൻ കുളം	പൊതു
35	കോട്ടമ്മൽ കുളം	പൊതു
36	പത്തായതൊടിക കുടിവെള്ളപ്പഠത്തി പൊതുകുളം	പൊതു
37	കുറ്റിച്ചൽ കോളനി കുടിവെള്ളപദ്ധതി	പൊതു
38	കുട്ടം കുളം	പൊതു
39	കുതിരടം കുളം	പൊതു
40	പൊയിലി കുളം	പൊതു
41	പുത്തൻ കുളം	പൊതു
42	എടക്കരനിക്കരക്കുളം	പൊതു
43	കോട്ടമ്മൽ കുളം	പൊതു
44	പത്തായതൊടിക കുടിവെള്ളപ്പഠത്തി പൊതുകുളം	പൊതു
45	കുറ്റിച്ചൽ കോളനി കുടിവെള്ളപദ്ധതി	പൊതു
46	കുട്ടം കുളം	പൊതു

1.7.3 കിണറുകൾ

ക്രമ നമ്പർ	പേര് & സ്ഥലം	വാർഡുകൾ
1	ഏറ്റത്ത് കിണർ	15
2	ആലുങ്ങൽ കിണർ	1
3	പൊറ്റമ്മൽ കിണർ	12
4	പരപ്പിൽകുന്ന് കിണർ	12
5	കുഴലൂർ കിണർ	12
6	കാളൂകണ്ടു കിണർ	12


7	മുതുകോട് കിണർ	12
8	കിസാൻ കിണർ	12
9	കല്ലേങ്കര കിണർ	12
10	പേലേപ്പുറം സബ് സെന്റർ കിണർ	09
11	പൊയിൽചാള കിണർ	14
12	കുട്ടശ്ശേരി കിണർ	14
13	ചാത്തക്കാവ് കിണർ	14
14	നെല്ലിക്കുന്ന് കിണർ	18
15	മാലിക്കാപറമ്പ് കിണർ	23
16	കാവുംപാടി കിണർ	23
17	എടക്കാരണിക്കര കിണർ	23
18	ചെറുകുളം കിണർ	13
19	എലംമ്പ കാരെകുണ്ടു കിണർ	13
20	തരിപ്പയിൽ കുഴൽ കിണർ	13
21	മുതിരുന്നു കിണർ	05
22	പടുപ്പുക്കുന്നു കുഴൽ കിണർ	22
23	നീലങ്ങോട് പൊതു കിണർ	04
24	എടക്കാട് കോളനി കിണർ	04
25	നീലംങ്ങോട് അഗൻവാടി കിണർ	04
26	ചെവിടിക്കുന്നു കിണർ	04
27	താലപ്പൊലിക്കുന്ന് കിണർ	04
28	ചെറുപ്പള്ളി അഗൻവാടി കുഴൽ കിണർ	04
29	ഏറ്റത്ത് PHC കിണർ	15
30	മണിയേറ്റ കിണർ	15
31	ചീരക്കുഴി കോളനി കിണർ	19
32	ഇരുമ്പുകുളം കിണർ	15
33	എരഞ്ഞമണ്ണ കിണർ	15

34	തലപ്പക്കുഴി കിണർ	15
35	കപ്രാട് കിണർ	15
36	ആനമറി കുഴൽ കിണർ	15
37	കുപ്പേരിക്കുന്നു കുഴൽ കിണർ	15
38	തരികുളം അഗൻവാടി കിണർ	08
39	ഉള്ളൂർ പൊയിൽ കിണർ	08
40	പാലാട്ടിൻകുന്നു കിണർ	08
41	മേക്കുത്ത് കുഴൽ കിണർ	08
42	തച്ചൂർ കിണർ	18
43	കുമ്മൻകുളം കിണർ	18
44	കളരി കുഴൽ കിണർ	18
45	മില്ലുംപടി കിണർ	18
46	ലക്ഷം വീട് കിണർ	07
47	മുയലുംകുന്നു കിണർ	03
48	സ്കൂൾ കിണർ	20
49	4 സെൻറ് കോളനി കിണർ	20
50	ഊത്തലാക്കണ്ടി കിണർ	20
51	മരത്തണി കിണർ	22

1.8. വിവിധമാപ്പുകൾ


1.8.1 വരൾച്ച സാധ്യത പ്രദേശങ്ങൾ

ഒരു പ്രദേശത്തെ വരൾച്ചയുടെ സ്വഭാവത്തെ ഈ മാപ്പിൽ നന്ന് മനസ്സിലാക്കാം. വരൾച്ചയെ 4 രീതിയിലാണ് തരം തിരിച്ചിരിക്കുന്നത് എന്ന് ലജിൻഡ്സിൽ നിന്ന് മനസ്സിലാക്കാം.




1.8.2. സാറ്റലൈറ്റ് മാപ്പ്

ഈ തരത്തിലുള്ള മാപ്പുകൾ ആ പ്രദേശത്തെ ആകാശത്തിൽ വെച്ചുനീക്ഷിച്ചാൽ എങ്ങനെഇരിക്കും, ആരീതിയിൽകാണാം. ഇതിൽ നിന്ന്ഭൂവിനിയോഗം, ജലസ്രോതസ്സുകൾ, റോഡുകൾ, കെട്ടിടങ്ങൾ, തുടങ്ങിയവയെല്ലാം മനസ്സിലാക്കാനാവും.




1.8.3 ഭൂവിനിയോഗ മാപ്പ്

2000 ൽ ഒരു പ്രദേശത്ത് ഏതെല്ലാം ഭൂവിനിയോഗങ്ങളാണ് ഉണ്ടായിരുന്നത് എന്ന് ഇതിൽ കാണാൻ കഴിയും. ഏതെല്ലാം വിധമാണ് ഭൂവിനിയോഗങ്ങൾ എന്ന് താഴെ ലെജൻഡ് ബോക്സിൽ കൊടുത്തിരിക്കുന്നു.



1.8.4 പ്രളയബാധിത പ്രദേശങ്ങൾ

2019 ലെ വെള്ളപൊക്കം ഒരു പ്രദേശത്തെ എങ്ങനെ ബാധിച്ചിട്ടുണ്ട് എന്ന് ഈ മാപ്പ് വിശദീകരിക്കുന്നു. നീല കളറിൽ കൊടുത്തിരിക്കുന്ന പ്രദേശങ്ങളിൽ എല്ലാം വെള്ളം പൊങ്ങിയിട്ടുണ്ട്.



തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് മാതൃകാ ജല സംരക്ഷണ പ്രവർത്തനങ്ങൾ

ഹരിതകേരളമിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി നടത്തുന്ന #നീരുറവ് പദ്ധതിയുടെ മുന്നോടിയായി നീർച്ചാലുകൾ കണ്ടെത്തുന്നതിന് #നീർച്ചാൽ നടത്തം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘടാനം നിർവഹിച്ചു



Documentation







"ബ്ലോക്ക് കാർഷിക എഞ്ചിനീയർ മണ്ണ്, ജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മഴവെള്ള സംരക്ഷണ പ്രചാരണത്തെക്കുറിച്ചും മേറ്റ് മീറ്റിംഗിൽ ഓറിയന്റേഷൻ നൽകുന്നു."

മണ്ണ്, ജല സംരക്ഷണത്തിനായുള്ള ഭൂവികസന പ്രവർത്തനങ്ങൾ
















Work Name :
വാർഡ് 20 - കാവിൽ ക്ഷേത്ര പരിസരം
മുതൽ കുറ്റിയിൽ വരെ തോട് ആഴം
കൂട്ടൽ

2. രീതി ശാസ്ത്രം

വിശദമായ വിവരശേഖരണമാണ് ജലബജറ്റ് തയ്യാറാക്കുന്നതിലെ നിർണ്ണായകമായ പ്രവർത്തനം. നേരിട്ട് ശേഖരിച്ച പ്രാഥമിക വിവരങ്ങളോടൊപ്പംവിവിധ വകുപ്പുകൾ/ ഏജൻസികൾ ലഭ്യമാക്കിയ വിവരങ്ങളും ജല ബജറ്റ് തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനു പുറമേ കൃഷി വകുപ്പ്, ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പ്, വിനോദ സഞ്ചാര വകുപ്പ്, വ്യവസായ വകുപ്പ്, ജല അതോറിറ്റി തുടങ്ങിയവ പ്രധാനപ്പെട്ട രേഖകൾ കൈമാറിയും കൂട്ടായ സാങ്കേതിക പരിശോധനകൾ നടത്തിയും ആവശ്യമായ തിരുത്തലുകളും വരുത്തിയും ഈ പ്രക്രിയയിൽ പങ്കാളികളായി.

2.1 സാങ്കേതിക സമിതി

ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ ഗ്രാമപഞ്ചായത്തുതല സാങ്കേതിക സമിതിയോടൊപ്പം സന്നദ്ധ പ്രവർത്തകരും ജലബജറ്റ് തയ്യാറാക്കുന്നതിന് ഗണ്യമായ സംഭാവന നൽകി.

നിലവിലുള്ള ഗ്രാമപഞ്ചായത്ത് സാങ്കേതിക സമിതിയുടെ ഘടന:-

1. വൈസ് ചെയർപേഴ്സൺ - പ്ലാനിംഗ് കമ്മിറ്റി
2. സി.ഡി.എസ്. അധ്യക്ഷ
3. ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി
4. കൃഷി ഓഫീസർ, ഗ്രാമപഞ്ചായത്ത്
5. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
6. അസി. എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത്
7. അസി. എഞ്ചിനീയർ/ഓവർസിയർ, തൊഴിലുറപ്പ്
8. നീർത്തട വികസന പരിപാടികളിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ഒരംഗം
9. ജലസംരക്ഷണ മേഖലയിൽ വൈദഗ്ധ്യമുള്ള മൂന്നു പ്രമുഖർ
10. ജലസേചന വകുപ്പിൽ നിന്ന് നിയോഗിച്ചിട്ടുള്ള അസി. എഞ്ചിനീയർ (കൺവീനർ)
11. ചുമതലയുള്ള ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ

2.1.1 യോഗങ്ങൾ

സാങ്കേതിക സമിതി യോഗം ചേർന്ന് പ്രദേശത്തിന്റെ പ്രത്യേകതകൾ അവലോകനം ചെയ്തു. നേരത്തേ തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാൻ വിവര ശേഖരണത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ഉപയോഗപ്പെടുത്താൻ സാധിച്ചു. ഓരോ നീർത്തടത്തെ സംബന്ധിച്ചും വ്യക്തമായ ധാരണ ഇതിൽ നിന്ന് ലഭ്യമായി. നീർത്തടത്തിനകത്തെ വിവിധ വിഭവങ്ങളുടെ അവസ്ഥ, പ്രശ്നങ്ങൾ എന്നിവയും വിശകലനം ചെയ്തു. വിവിധ വിഭവ ഭൂപടങ്ങൾ പ്രദേശത്തിന്റെ പ്രത്യേകതകൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിനു സഹായിച്ചിട്ടുണ്ട്. ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് തന്നെ ബന്ധപ്പെട്ട സാങ്കേതിക സമിതി അംഗങ്ങൾക്ക് CWRDM ന്റെ സഹായത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കിയിരുന്നു. കൂടാതെ ജല ബജറ്റ് തയ്യാറാക്കുന്ന മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും അദ്ധ്യക്ഷൻ മാരുടെ ഒരു ശിൽപശാല

സംഘടിപ്പിച്ച് ജല ബജറ്റ് തയ്യാറാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു.

2.2 വിവര വിശകലനവും ഉപയോഗപ്പെടുത്തലും

ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ നിലവാരം ഉറപ്പാക്കി ഇതുപയോഗിച്ച് ജല ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള കൂടുതൽ വിശകലനങ്ങളിലേക്കു പോകുന്ന രീതിയാണ് അവലംബിച്ചത്. ലഭിക്കുന്ന വിവരങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുകയും മറ്റു സമാന വിവരങ്ങളുമായി താരതമ്യം ചെയ്തു കൃത്യത നിർണ്ണയിക്കുകയും ചെയ്യുന്നത് തയ്യാറാക്കുന്ന ജലബജറ്റ് കൃത്യതയുള്ളതാകുന്നതിന് സഹായിച്ചിട്ടുണ്ട്. സാങ്കേതിക മേഖലയിലെ വിദഗ്ധർ ഈ വിഷയത്തിൽ നിർണ്ണായക ഇടപെടൽ നടത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ജലസ്രോതസ്സുകൾ കണ്ടെത്തി അവയുടെ വിവരം ശേഖരിക്കുന്നതിന് പ്രാദേശിക പിന്തുണ ധാരാളമായി ലഭ്യമായി.

2.3 ജല തുല്യതാ (water balance) പഠനം

ജല തുല്യതാ പഠനം കൂടുതൽ എളുപ്പവും കൃത്യതയുള്ളതുമാക്കുവാൻ വിവരങ്ങൾ ഒരു 'എക്സൽ ഷീറ്റിൽ' രേഖപ്പെടുത്തി കണക്കുകൂട്ടൽ നടത്തുന്ന രീതിയാണ് അവലംബിച്ചത്. ഇതിനാവശ്യമുള്ള സമവാക്യങ്ങൾ എക്സൽ ഷീറ്റിൽ തയ്യാറാക്കുന്നതുമൂലം തെറ്റു സംഭവിക്കാനുള്ള സാധ്യത കുറഞ്ഞു. ഒപ്പം കണക്കുകൂട്ടലുകളിലെ സങ്കീർണ്ണതകൾ ഒഴിവാകുകയും ചെയ്തു. ഇത്തരത്തിൽ ലഭ്യമാകുന്ന വിവരങ്ങൾ സാങ്കേതിക വിദഗ്ധർ വീണ്ടും പരിശോധിച്ച് കൃത്യത ഉറപ്പാക്കിയിട്ടുമുണ്ട്.

2.4 ജല ലഭ്യത

2.4.1 മഴ ലഭ്യത

മഴ ലഭ്യതയാണ് പ്രധാന ജലസ്രോതസ്സ്. ഒരു വർഷത്തെ ആകെ മഴ ലഭ്യതയോ ഒരു മഴക്കാലത്തെ ലഭ്യതയോ കണക്കാക്കുന്നതിനു പകരം ഓരോ ദിവസത്തെയും മഴ ലഭ്യതയാണ് ജലതുല്യതാ പഠനത്തിനായി ഉപയോഗിച്ചിട്ടുള്ളത്. ജലസേചന വകുപ്പിന്റെ ഹൈഡ്രോളജി വിഭാഗത്തിൽ നിന്നും ലഭ്യമായവിവരങ്ങളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. തുടർച്ചയായ 10 വർഷങ്ങളിലെ വിവരങ്ങളാണ് മഴ ലഭ്യത കണക്കാക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ളത്. 'അരിത്ത്മെറ്റിക് മീൻ' രീതി ഉപയോഗിച്ചാണ് മഴ ലഭ്യത കണക്കാക്കുന്നത്.

$$A = \frac{1}{n} * \sum_{i=1}^{n} x_i$$

A = ശരാശരി വർഷപാതം

n = സംജ്ഞകളുടെ എണ്ണം (ഉദാ. ശരാശരി കണ്ടെത്തുന്ന ഇനങ്ങൾ അഥവാ എണ്ണങ്ങൾ)

xi = ശരാശരി കണ്ടെത്താൻ ഉപയോഗിക്കുന്ന സംഖ്യകളിലെ ഓരോ ഇനത്തിന്റെയും വില

ദിവസേനയുള്ള മഴയുടെ വിവരം ശേഖരിച്ച് ഓരോ മാസത്തെയും 10 ദിവസങ്ങളിൽ ലഭ്യമാകുന്ന ആകെ മഴ കണക്കാക്കിയശേഷം ഓരോ വർഷത്തെയും ഓരോ

മാസങ്ങളിലേയും ഓരോ 10 ദിവസങ്ങളിലും ലഭ്യമാകുന്ന ആകെ മഴയും അതിൽ നിന്നും 10 വർഷങ്ങളിലായി ഈ 10 ദിവസങ്ങളിൽ ലഭ്യമായ ശരാശരി മഴയും ആണ് കണക്കാക്കിയിട്ടുള്ളത്. (വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

2.4.2 ഉപരിതല ജല ലഭ്യത

താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് 10 ദിവസത്തെ ഉപരിതല ജല ലഭ്യത കണക്കാക്കിയിട്ടുള്ളത്.

ആകെ ജല ലഭ്യത Q = C x A x R

A = ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി

R = 10 ദിവസത്തെ ആകെ വർഷപാതം - മീറ്ററിൽ (10 വർഷത്തെ ശരാശരി)

C = പ്രവാഹ സ്ഥിരാങ്കം (Runoff Coefficient)

ഭൂവിനിയോഗത്തെ അടിസ്ഥാനപ്പെടുത്തിയുള്ള C യുടെ വില പട്ടിക-1 ൽ നൽകിയിരിക്കുന്നു (അതിൽ നിന്നും ആകെ പ്രവാഹ സ്ഥിരാങ്കം താഴെപ്പറയുന്ന രീതിയിൽ ആണ് കണ്ടെത്തുന്നത്.)

പട്ടിക - 1

പ്രവാഹ സ്ഥിരാങ്കം (Runoff coefficient C)

സസ്യങ്ങളുടെ തരം (Type of vegetation)	പ്രവാഹ സ്ഥിരാങ്കം (Runoff coefficient C)
വൃക്ഷങ്ങളും വനങ്ങളും (Woodland and forests)	0.30 - 0.50
പുൽമേടുകൾ (Grassland)	0.30 - 0.42
കൃഷി ഭൂമി (Agricultural Land)	0.50 - 0.72
നഗര സ്വഭാവമുള്ള ഭൂപ്രദേശം (Urban Land)	0.60 - 0.80

ആകെ പ്രവാഹ സ്ഥിരാങ്കം

$$C = \frac{(C_F \times A_F) + (C_A \times A_A) + (C_B \times A_B) + (C_I \times A_I)}{A}$$

A = ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി

C_F = വനത്തിന്റെ പ്രവാഹ സ്ഥിരാങ്കം

A_F = വനത്തിന്റെ ആകെ വിസ്തൃതി

C_A = കാർഷിക ഭൂമിയുടെ പ്രവാഹ സ്ഥിരാങ്കം

A_A= കാർഷിക ഭൂമിയുടെ ആകെ വിസ്തൃതി

C_B = പാർപ്പിടാവശ്യനുപയോഗിക്കുന്ന ഭൂമിയുടെ പ്രവാഹ സ്ഥിരാങ്കം

A_B= പാർപ്പിടാവശ്യനുപയോഗിക്കുന്ന ഭൂമിയുടെ ആകെ വിസ്തൃതി

C_I= വാണിജ്യാവശ്യങ്ങൾ ഉൾപ്പെടെ മറ്റാവശ്യങ്ങൾക്കെല്ലാമുള്ള ഭൂമിയുടെ പ്രവാഹ സ്ഥിരാങ്കം

A_I= വാണിജ്യാവശ്യങ്ങൾ ഉൾപ്പെടെ മറ്റാവശ്യങ്ങൾക്കെല്ലാമുള്ള ഭൂമിയുടെ ആകെ വിസ്തൃതി

(മുകളിലെ പട്ടികയിൽ ഓരോ തരം ഭൂമിയുടേയും നേരെ കൊടുത്തിട്ടുള്ള സ്ഥിരാങ്കത്തിന്റെ ശരാശരി സംഖ്യയാണ് എടുത്തിട്ടുള്ളത്, ഇതിൽ പാർപ്പിട, വാണിജ്യ ആവശ്യങ്ങൾക്കുള്ള നീരൊഴുക്ക് സ്ഥിരാങ്കം നഗര സ്വഭാവമുള്ള ഭൂപ്രദേശത്തിന്റേതുമാണ് എടുത്തിട്ടുള്ളത്.)

വനപ്രദേശത്തെ സസ്യ - ജീവജാലങ്ങൾ, ജലസേചനം ചെയ്യാത്ത കൃഷിവിളകളും മറ്റു സസ്യങ്ങളും പാരിസ്ഥിതിക ആവശ്യങ്ങൾ എന്നിവയുടെ ജല ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആകെ ജല ലഭ്യതയുടെ 50 % മാറ്റിവച്ചിരിക്കുന്നു.
അതിനാൽ ആദ്യത്തെ 10 ദിവസം ലഭ്യമായ ഉപരിതല ജലം = ആകെ ജല ലഭ്യത /2 എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്.

2.4.3 ഭൂജല ജല ലഭ്യത കണക്കാക്കൽ

താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് 10 ദിവസത്തെ ഭൂജല ജല ലഭ്യത കണക്കാക്കിയിട്ടുള്ളത്.

ആകെ ഭൂജല ജല റീചാർജ്ജിംഗ് = 0.06 X A X R
A = ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി
R = 10 ദിവസത്തെ ആകെ വർഷപാതം - മീറ്ററിൽ (10 വർഷത്തെ ശരാശരി)
ആകെ ഭൂജല ജല റീചാർജ്ജിംഗിന്റെ 90 % നമുക്ക് ഉപയോഗിക്കാനാകും
അതിനാൽ ആദ്യത്തെ 10 ദിവസം ലഭ്യമായ ഭൂജലം
= ആകെ ഭൂജല ജല റീചാർജ്ജിംഗ് X 0.9

2.4.4 ഗ്രാമപഞ്ചായത്തിന് അകത്തേയ്ക്കും പുറത്തേയക്കുമുള്ള ജല വിതരണം

ഗ്രാമപഞ്ചായത്തിനകത്തേയ്ക്ക് ഗ്രാമപഞ്ചായത്തിനു പുറത്തുള്ള ജലസേചന പദ്ധതികളിൽ നിന്നോ കുടിവെള്ളപദ്ധതികളിൽ നിന്നോ ജലം ലഭ്യമാകുന്നുണ്ടോയെന്ന വിവരവും ഇവിടെനിന്നും പുറത്തേയ്ക്ക് ഏതെങ്കിലും ജലസേചന പദ്ധതിയുടെയോ കുടിവെള്ള പദ്ധതിയുടേയോ ഭാഗമായി വെള്ളം ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും കൂടി ജല ലഭ്യത കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടുണ്ട്.

2.4.5 ആദ്യത്തെ 10 ദിവസം ലഭ്യമായ ആകെ ജലം

താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് 10 ദിവസത്തെ ആകെ ജല ലഭ്യത കണക്കാക്കിയിട്ടുള്ളത്.
ആദ്യത്തെ 10 ദിവസം ലഭ്യമായ ആകെ ജലം = USR+UGW +(Import-Export)

USR = ആദ്യത്തെ 10 ദിവസം ലഭ്യമായ ഉപരിതല ജലം
UGW =ആദ്യത്തെ 10 ദിവസം ലഭ്യമായ ഭൂജലം
Import =വിവിധ പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിനകത്തേയ്ക്ക് ലഭ്യമായ ജലം
Export =വിവിധ പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിന്നും പുറത്തയ്ക്ക്

ലഭ്യമാക്കിയ ജലം
ഇത്തരത്തിൽ ഓരോ 10 ദിവസത്തേയും ജല ലഭ്യത കണക്കായിട്ടുണ്ട്.

2.5 ജല ആവശ്യം

2.5.1 ഗാർഹിക ആവശ്യം

ഗാർഹിക ആവശ്യങ്ങൾക്കുള്ള ജലത്തിന്റെ കണക്കിൽ ഒരാൾക്ക് ഒരു ദിവസത്തേക്ക് 135 ലിറ്റർ ജലം(IS Code IS:1172:1993) എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്

2.5.2 കാർഷിക ജല ആവശ്യകത

ഇതിനാവശ്യമായ വിവരങ്ങൾ കൃഷിഭവനിൽനിന്നുമാണ് ശേഖരിച്ചിട്ടുള്ളത്. നിലവിൽ ജലസേചന സൗകര്യമുള്ള പ്രദേശങ്ങളുടെ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. ചില വിളകൾക്കൊഴിച്ച് ബാക്കിയുള്ളതിനെല്ലാം അകെ വിള വിസ്തൃതിയുടെ പരമാവധി 20 ശതമാനത്തിൽ അധികരിക്കാത്ത രീതിയിലാണ് ജലസേചന ആവശ്യം കണക്കാക്കിയിട്ടുള്ളത്.

താഴെ പറയുന്ന രീതിയിലാണ് ജലസേചന ആവശ്യം കണക്കാക്കിയിട്ടുള്ളത്.

$$\text{ജലസേചന ആവശ്യം} = \frac{CA \times ETc}{}$$

Efficiency (μ)

C_A = കാർഷിക ഭൂമിയുടെ ആകെ വിസ്തൃതി
ET_c= Crop Evapotranspiration
μ = കാര്യക്ഷമത
(μ = ഉപരിതലം 50%, സ്പ്രിങ്ക്ളർ 60%, ഡ്രിപ്70%)
$ET_c = ET_0 \times K_c$
ET_0 = Evapotranspiration
K_c = വിളസ്ഥിരാങ്കം (Crop coefficient)

Reference crop Evapotranspiration (ET_0) for different agro-ecological units (mm/decade)

മാസം	ദശദിനം	ET_0
ജൂൺ	1	38
	2	35
	3	35
ജൂലൈ	1	35
	2	35
	3	35
ആഗസ്റ്റ്	1	35

	2	36
	3	37
സെപ്തംബർ	1	37
	2	38
	3	40
ഒക്ടോബർ	1	39
	2	38
	3	38
നവംബർ	1	38
	2	37
	3	37
ഡിസംബർ	1	36
	2	36
	3	38
ജനുവരി	1	38
	2	40
	3	41
ഫെബ്രുവരി	1	45
	2	49
	3	52
മാർച്ച്	1	53
	2	52
	3	48
ഏപ്രിൽ	1	49
	2	47
	3	46
മെയ്	1	44
	2	43
	3	40

വിവിധ വിളകളുടെ വിളസ്ഥിരാങ്കം **(Crop coefficient – Kc)**

വാർഷിക/സീസണൽ വിളകളുടെ വിളസ്ഥിരാങ്കം **(Crop coefficient - Kc)**

ക്രമ നമ്പർ	വിള	വിള ഗുണകം (Kc)			അവലംബം
		ആദ്യഘട്ടം	മധ്യഘട്ടം	അവസാന ഘട്ടം	
1	നെല്ല്	1.1	1.3	1.05	FAO (1998)
2	മരച്ചീനി	0.3	0.8	0.3	
3	പച്ചക്കറികൾ	0.5	1	0.8	

4	വാഴ	0.5	1.1	1	
5	മുളക്	0.6	1.05	0.9	

സ്ഥിരം വിളകളുടെ വിളസ്ഥിരാങ്കം **(Crop coefficient - Kc)**

ക്രമ നമ്പർ	വിള	വിളസ്ഥിരാങ്കം (Kc)	അവലംബം
1	തെങ്ങ്	0.75	CPCRI (1967)
2	കമുക്	0.94	CPCRI (1982)
3	മാവ്	0.9	FAO (1998)
4	കുരുമുളക്	0.7	CWRDM (1997)

മിശ്ര വിളകളുടെ വിളസ്ഥിരാങ്കം **(Crop coefficient - Kc)**

ക്രമ നമ്പർ	വിള	വിളസ്ഥിരാങ്കം (Kc)	അവലംബം
1	തെങ്ങ് (തെങ്ങ് - കമുക് - കുരുമുളക്)	0.78	CWRDM (1997)
2	കമുക് (തെങ്ങ് - കമുക് - കുരുമുളക്)	0.36	
3	കുരുമുളക് (തെങ്ങ് - കമുക് - കുരുമുളക്)	0.07	
4	ജാതി (തെങ്ങ് - ജാതി)	0.87	
5	തെങ്ങ് (തെങ്ങ് - ജാതി)	0.83	

മുകളിൽ പറഞ്ഞ രീതിയിൽ ഓരോ 10 ദിവസത്തേയ്ക്കും ഓരോ വിളകൾക്കും വേണ്ട ജല ആവശ്യം കണ്ടുപിടിച്ച ശേഷം അവയെല്ലാം ഒന്നിച്ച് കൂട്ടി കൃഷി ആവശ്യത്തിനായി ഓരോ 10 ദിവസത്തേയ്ക്കും ആകെ വേണ്ട ജലത്തിന്റെ അളവ് കണക്കാക്കിയിരിക്കുന്നു.

2.5.3 വ്യവസായ, വാണിജ്യ സ്ഥാപനങ്ങളിലെ ജല ആവശ്യകത

വ്യവസായ, വാണിജ്യ സ്ഥാപനങ്ങളെ ജല ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തരം തിരിച്ച്, ഓരോ ഗ്രൂപ്പിലേയും ഒരു സ്ഥാപനത്തിനു വേണ്ട ജലവും എണ്ണവും തമ്മിൽ ഗുണിച്ച്, അവയുടെ ആകെ തുകയാണ് ആകെ ജല ആവശ്യമായി എടുത്തിട്ടുള്ളത്.

2.5.4 വിനോദ സഞ്ചാര മേഖലയിലെ ജല ആവശ്യകത

വിനോദ സഞ്ചാര മേഖലയിൽ ഓരോ 10 ദിവസവും പഞ്ചായത്തിലെത്തുന്ന ആകെ വിനോദ സഞ്ചാരികളുടെ എണ്ണം കണ്ടെത്തി ആ എണ്ണത്തിനനുസരണമായി ജല ആവശ്യം കണക്കാക്കിയിട്ടുള്ളത്.

2.5.5 ആകെ ജല ആവശ്യം

ആകെ ജല ആവശ്യം = ആകെ ഗാർഹിക ആവശ്യം + ആകെ കാർഷിക ആവശ്യം + ആകെ വ്യാപാര ആവശ്യം + ആകെ വ്യവസായ ആവശ്യം + ആകെ വിനോദ സഞ്ചാര ആവശ്യം എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്.

2.6 ജല ബജറ്റ്

ഇത്തരത്തിൽ ഓരോ 10 ദിവസത്തേയും ആകെ ജല ലഭ്യതയും ആകെ ജല ആവശ്യവും കണക്കാക്കിയ ശേഷം ഇവയെ താരതമ്യം ചെയ്ത് ജല മിച്ചമാണോ ജല കമ്മിയാണോ എന്ന് കണ്ടെത്തിയാണ് ഈ ജല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

2.7 തുടർ പ്രവർത്തനങ്ങൾ

ജല ബജറ്റിലെ കണ്ടെത്തലുകൾ ബ്ലോക്ക് പഞ്ചായത്തു തലത്തിലും ഗ്രാമ പഞ്ചായത്തു തലത്തിലും വിപുലമായ കൺവെൻഷനുകൾ വിളിച്ച് ചേർത്ത സജീവമായ ചർച്ചകൾക്ക് വിധേയമാക്കുകയും അവിടെ ലഭിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട്, ജല മേഖലയിൽ തുടർന്നു നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു ഹ്രസ്വ വിവരണം കൂടി റിപ്പോർട്ടിന്റെ അവസാനമായി ചേർത്തിട്ടുണ്ട്.

3. ജലബജറ്റ്

3.1. പൊതുവിവരങ്ങൾ

ജലബജറ്റ് - വിവര ശേഖരണം		
	പഞ്ചായത്തിൻറെ പേര്	തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്
	വിസ്തീർണ്ണം (ചതുരശ്ര കിലോമീറ്ററിൽ)	59.99
	ജനസംഖ്യ (തദ്ദേശ വാസികൾ)	52090
	ജനസംഖ്യ (അതിഥി തൊഴിലാളികൾ)	853
	ഭൂവിനിയോഗം	
1	വനം (ചതുരശ്ര കിലോമീറ്ററിൽ)	0
2	കൃഷിഭൂമി (ചതുരശ്ര കിലോമീറ്ററിൽ)	34.79
3	ജനവാസമേഖല (ചതുരശ്ര കിലോമീറ്ററിൽ)	23.75
4	വ്യാവസായികം (ചതുരശ്ര കിലോമീറ്ററിൽ)	0.6
5	ഉപയോഗപ്രദമല്ലാത്ത തരിശ്/പാറ (ചതുരശ്ര കിലോമീറ്ററിൽ)	0.02
6	കൃഷിയോഗ്യമായ തരിശ് (ചതുരശ്ര കിലോമീറ്ററിൽ)	0.03
7	മറ്റുള്ളവ (ചതുരശ്ര കിലോമീറ്ററിൽ)	0.8

3.2.ജലലഭ്യതാവിവരങ്ങൾ

3.2.1 മഴയുടെ വിവരം

ശരാശരി ഷാപാതം (മി.മി)												
മാസം	**ദശദിനം**	**2012**	**2013**	**2014**	**2015**	**2016**	**2017**	**2018**	**2019**	**2020**	**2021**	**ശരാശരി**
ജൂൺ	ആദ്യത്തെ പത്തുദിവസം	39.8	171.6	47.4	39.4	312	108.2	199.6	82.8	100.8	69.6	117.12
	രണ്ടാമത്തെ പത്തുദിവസം	245.7	267.8	175.8	64.8	112.4	92.6	415.6	101.4	131.2	211.2	181.85
	അവസാനത്തെ പത്തുദിവസം	48	228.2	104.4	362.2	122.6	370.4	158.8	102	101.4	13.4	161.14
ജൂലൈ	ആദ്യത്തെ പത്തുദിവസം	151.8	278.4	24.2	84	186.6	82.2	146	131.8	206.4	7.4	129.88
	രണ്ടാമത്തെ പത്തുദിവസം	28.6	142.8	232.4	73	78.2	168.4	326.4	78.8	119.2	205.8	145.36
	അവസാനത്തെ പത്തുദിവസം	186	119.4	285.8	77.6	65.2	48.4	175.4	104	66.2	142.1	127.01
ആഗസ്റ്റ്	ആദ്യത്തെ പത്തുദിവസം	74.8	156.4	212.4	38.8	33	113.8	176.8	494.4	419.4	93.2	181.3
	രണ്ടാമത്തെ പത്തുദിവസം	93.6	32.2	60	119	51.2	74.2	412.2	138.4	51.4	111.8	114.4
	അവസാനത്തെ പത്തുദിവസം	111.2	43.2	136	17.2	26.4	174.2	10.4	178	7.2	136.4	84.02
സെപ്തംബർ	ആദ്യത്തെ പത്തുദിവസം	95.2	76	109.4	147.8	4.6	168.6	0	198	277.8	95.2	117.26

	രണ്ടാമത്തെ പത്തുദിവസം	48.8	168.4	3.2	20.6	7.8	335.2	0	42	243	120.6	98.96
	അവസാനത്തെ പത്തുദിവസം	0	15.6	78.6	17.4	18.8	48.2	77.2	19	72	45.2	39.2
ഒക്ടോബർ	ആദ്യത്തെ പത്തുദിവസം	6.20	8.8	44	116.6	0	65.4	75.8	61.4	17.4	94.6	49.02
	രണ്ടാമത്തെ പത്തുദിവസം	94.2	67.2	60.4	5.8	64	55.8	121.4	292.6	56.4	171.4	98.92
	അവസാനത്തെ പത്തുദിവസം	7.8	23.2	136.4	1.8	8.2	22.2	1.2	142	47.8	78.8	46.94
